# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4699 23.07.2015-ലെ മറുപടിക്ക്

## സാമ്പത്തിക പ്രതിസന്ധി പൊതുകടം

| | ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. ചിറ്റയം ഗോപകുമാർ | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുവിപണിയിൽ നിന്നും കടമെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പ്രാവശ്യം മൊത്തം എത്ര തുക കടമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ഉണ്ട്.<br>ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 2015 ജൂൺ 30 വരെയുള്ള കണക്കുകൾ പ്രകാരം പൊതുവിപണിയിൽ 58 തവണകളിലായി 50,163 കോടി രൂപ കടമെടുത്തിട്ടുണ്ട്. |
| (ബി) | ഈ സാമ്പത്തിക വർഷാരംഭത്തിൽ പൊതു വിപണിയിൽ നിന്നും കടമെടുത്തിട്ടുണ്ടോ ; | ഉണ്ട്. |
| (സി) | സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിയാത്തതിനാലും വിവിധ അടിസ്ഥാന ചെലവിനങ്ങൾക്ക് വൻതോതിൽ പണം ചെലവിടേണ്ടി വരുന്നതിനാലും നേരിയ തോതിൽ സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ട്.<br>ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിഭവ സംരക്ഷണത്തിനും അധികവിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>എല്ലാ തരം ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തി |

| | | |
|---|---|---|
| | | ന്റേയും നികുതി 20 ശതമാനം വർദ്ധിപ്പിച്ചു. ബിയർ, വൈൻ എന്നിവയുടെ നികുതി 50 ശതമാനത്തിൽ നിന്നും 70 ശതമാനമായി വർദ്ധിപ്പിച്ചു. സിഗററ്റിന്മേലുള്ള നികുതി 22 ശതമാനത്തിൽ നിന്നും 30 ശതമാനമായി വർദ്ധിപ്പിക്കാനും ഇതിൽ 3 ശതമാനം കാൻസർ രോഗികളുടെ സംരക്ഷണത്തിന് വിനിയോഗിക്കുവാനും തീരുമാനിച്ചു.<br>പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനായി നിരക്ക് 26.21 ശതമാനത്തിൽ നിന്നും 26.92 ശതമാനമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പ് ഒഴികെ മറ്റെല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും 15 ശതമാനം മുതൽ 50 ശതമാനം വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും, ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ